യിലും സഭാവത്തിലും സമാനമായ സ്ഥലങ്ങളുടെ വിലയാധാരങ്ങൾ സബ് രജിസ്ട്രാർ ഓഫീസിൽ നിന്ന് പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ സ്ഥലമെടുപ്പ് ഓഫീസർ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി ജില്ലാ കളക്ടറുടെ അംഗീകാരത്തിനായി അയയ്ക്കുന്നു. റിപ്പോർട്ട് പരിശോധിച്ച് സ്ഥല പരിശോധന നടത്തി ഏറ്റെടുക്കുന്ന ഭൂമിക്ക് ജില്ലാ കളക്ടർ വില നിശ്ചയിക്കുന്നു. 5000 രൂപയിൽ കൂടുതൽ വില വരുന്ന കെട്ടിടങ്ങളോ പണിപ്പാടുകളോ സ്ഥലമെടുപ്പിന് വിധേയമായ ഭൂമിയിലുണ്ടെങ്കിൽ പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള അധികാര പരിധിക്ക് വിധേയമായി, പൊതുമരാമത്തു വകുപ്പു നിർദ്ദേശിച്ചിട്ടുള്ള നിരക്കിൽ മരാമത്തു വകുപ്പിലെ എഞ്ചിനീയർമാർ വില നിർണ്ണയം നിർവഹിക്കണം. സ്ഥലത്തെ മറ്റു ദേഹണ്ഡങ്ങൾക്കുള്ള നഷ്ടപരിഹാരത്തുകയും ഉൾപ്പെടുത്തേണ്ടതുണ്ട്.

സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ നടപടി

30 [5667] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി ക്ലബ്ബുകൾക്കും, സംഘടനകൾക്കും, സ്ഥാപനങ്ങൾക്കും പാട്ടത്തിനു നൽകുന്നതു സംബന്ധിച്ച നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം നഗരത്തിൽ സർക്കാർ പാട്ടത്തിന് നൽകിയിരിക്കുന്ന വസ്തുക്കൾ ഏതൊക്കെയാണെന്നും, ആർക്കെല്ലാമാണ് നൽകിയിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത ഭൂമി എത്ര വർഷത്തേയ്ക്കാണ് പാട്ടത്തിന് നൽകിയിട്ടുള്ളതെന്നും, ഓരോന്നിനും നിശ്ചയിച്ചിട്ടുള്ള പാട്ടത്തുകയും ഇതിൻപ്രകാരം എത്ര വസ്തുക്കൾ വീതം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരം നഗരത്തിൽ ഓരോ വസ്തുക്കളും എന്നാണ് പാട്ടത്തിന് നൽകിയതെന്നും, അവയുടെ കാലാവധി എന്നത്തേയ്ക്ക് അവസാനിക്കുമെന്നും വ്യക്തമാക്കുമോ;

(ഇ) പാട്ടത്തിന് നൽകിയ വസ്തു പിന്നീട് പാട്ടം പുതുക്കി നിശ്ചയിക്കാറുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത വസ്തുക്കളുടെ കാര്യത്തിൽ സ്വീകരിച്ചിരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും, 19-12-1985-ലെ ജി. ഒ. (എം എസ്) 1026/85/ആർ. സി., 13-11-1995-ലെ ജി. ഒ. (പി) 566/95/ആർ. ഡി. എന്നീ നമ്പർ ഉത്തരവുകളിലെ നിബന്ധനകൾക്കും നിരക്കുകൾക്കും വിധേയമായിട്ടാണ് സർക്കാർ ഭൂമി പാട്ടത്തിന് നൽകിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി—ഡി) തിരുവനന്തപുരം നഗരത്തിൽ പാട്ടത്തിന് നൽകിയിരിക്കുന്ന സർക്കാർ ഭൂമിയുടെ വിശദാംശങ്ങൾ അടങ്ങുന്ന ലിസ്റ്റ് അനുബന്ധമായി കൊടുത്തിരിക്കുന്നു.† ടി കേസ്സുകളിൽ നിശ്ചയിച്ചിട്ടുള്ള പാട്ടത്തുക സംബന്ധിച്ച് വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) പാട്ടത്തുക പുതുക്കി നിശ്ചയിച്ച കേസ്സുകൾ സംബന്ധിച്ച വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.†

റവന്യൂ പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകുന്ന നടപടി

31 [5668] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കോർപ്പറേഷൻ അതിർത്തിയിൽ റവന്യൂ പുറമ്പോക്ക് ഭൂമി ഏതൊക്കെ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പാട്ടത്തിന് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങൾക്കും, ക്ലബ്ബുകൾക്കും, വ്യക്തികൾക്കും ഭൂമി പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുള്ളത് ഏതൊക്കെ ആവശ്യങ്ങൾക്കു വേണ്ടിയാണെന്ന് വ്യക്തമാക്കാമോ;

(സി) നെടുപുഴ കസ്തൂർബാ ഗാന്ധി സ്മാരകം, തൃശ്ശൂർ ബാനർജി ക്ലബ്ബ് എന്നിവയ്ക്ക് എത്ര സ്ഥലം വീതം പാട്ടത്തിന് നൽകിയിട്ടുണ്ടെന്ന് പറയാമോ; ഈ രണ്ട് സ്ഥാപനങ്ങൾക്കും നൽകിയ ഭൂമി എത്ര; പാട്ടത്തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ഡി) സംഖ്യ അടയ്ക്കുന്നതിൽ കുടിശ്ശിക ഉണ്ടോ; ഓരോ സ്ഥാപനങ്ങളും നൽകാനുള്ള കുടിശ്ശിക തുക എത്ര;

(ഇ) തൃശ്ശൂർ ബാനർജി ക്ലബ്ബിന് നൽകിയിട്ടുള്ള സ്ഥലം വിൽപ്പന സ്റ്റാളുകൾ നടത്തുന്നതിന് കച്ചവടക്കാർക്ക് അനുമതി നൽകിയിട്ടുണ്ടോ;

(എഫ്) 2001-2002, 2002-2003 വർഷങ്ങളിൽ സ്ഥലം വാടകയ്ക്ക് കൊടുത്ത വകയിൽ ബാനർജി ക്ലബ്ബിന് കിട്ടിയ വാടക എത്ര; ഇതിൽ എത്ര തുക സർക്കാരിന് അടച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ചു വരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly